

ആഗ്നേയ '13
വിധിയുടെ കയ്യൊപ്പ്
Signature of destiny

# സമർപ്പണം



നീ തെളിച്ച നാളം ഇനി
ആയിരങ്ങളിൽ പടരട്ടെ

# എഡിറ്റോറിയൽ

രാത്രിയുടെ ചിലമ്പൊച്ചകൾ
കേട്ടു പേടിച്ചൊരുപാടിരുന്നു,
നൂറ്റാണ്ടുകളോളം കാലം...
ഉത്തരം കിട്ടാത്ത അന ചോദ്യങ്ങൾ
അവശേഷിച്ച് പിന്നീട് കാലവും
സ്വയം എരിഞ്ഞമർന്നു...
ആ ചോദ്യങ്ങളെ ആരോ
'വിധി'യെന്ന് ഓമനപ്പേരിട്ട്
വിളിച്ചു
പട്ടിണിപ്പാവങ്ങളുടെ പാത്രത്തിൽ കിടന്ന് അത്
മോണകാട്ടി ചിരിച്ചു. മരണത്തിനു മുന്നിലെ പിടച്ചിലുകൾ
കണ്ടില്ലെന്ന് നടിച്ചു.
കൊഴിഞ്ഞ ഇലകൾക്കും ശേഷിച്ച
മരങ്ങൾക്കും നേരെ മുഖം തിരിച്ചു
പ്രണയത്തെ നോക്കി കോക്രി കാണിച്ചു.
അവസാനം,
പുഴ കരയാതെയായി കാറ്റിന്റെ ജീവൻ നിലച്ചു
അപ്പൂപ്പൻതാടികൾ പറന്നുയരാൻ കഴിയാതെ
മണ്ണിലമർന്നു കിടന്നു. ജീവനില്ലാത്ത മണ്ണ്
അതിനുമേൽ ശവകുടീരം തീർത്തു
വിധിയുടെ നാടകങ്ങൾ ആടിത്തീർത്ത്
പടിയിറങ്ങുമ്പോൾ അവശേഷിപ്പിച്ചത് ഓർമ്മകളാണ്
ഇന്നലെകളുടെയൊപ്പം നാളെകളുടെ പ്രതീക്ഷകളും....

എഡിറ്റർ

Editor

Anasooya Sebastian



Editorial Board

Allen
Sajay
Aniruth
Radhika
Keerthana
Anasooya

Special Thanks to

Rahila
Sujaina
Ann Maria
Ashni
Durga
Binu
Shafna
Pournami

# ഉള്ളടക്കം

## ഇന്നലെ......


1. ഒന്ന് + ഒന്ന് = ഇമ്മിണി വല്യ ഒന്ന് 1
2. ഓർമ്മയുടെ മാധുര്യം 6
3. Agatha Christie – The queen of crime 7
4. Still I love 9
5. Philately 10
6. ഞാൻ 1[illegible]
7. നിശബ്ദത [illegible]
8. At the helm [illegible]
9. ജീവിതം എന്തെന്നറിഞ്ഞ യാത്ര [illegible]
10. भारत में नारी की स्थान [illegible]
11. Visit to Singapore – The lion city 23
12. ഭൂതകാലക്കുളിരിൽ 26
13. Beginning of the end 29
14. ഞാനും സത്യവും 31
15. തിരിച്ചറിവ് 32
16. In this homeland [illegible]
17. ലക്ഷദ്വീപിലേക്ക് 36


## ഇന്ന്......


18. Welcome 2014 39
19. Sky is the limit 43
20. ആ സൂര്യൻ അസ്തമിച്ചില്ല 46
21. This is how she learnt 47
22. ഭാഷയുടെ ശബ്ദം 51

| | | |
|---|---|---|
| 23 | The Hunger games | 52 |
| 24 | धरती | 54 |
| 25 | India and 21st century | 55 |
| 26 | The half hidden moonscape | 58 |
| 27 | മുത്തി | 60 |
| 28 | നഗരം | 62 |
| 29 | ഒരത്തവിന്റ | 64 |
| 30 | In my mom's lap | 66 |
| 31 | Are you showering in eye drops ??? | 67 |
| 32 | കാത്തിരുന്ന കണ്ണുകൾ | 68 |
| 33 | കലിഡോസ്കോപ്പിലെ വളപ്പൊട്ടുകൾ | 69 |
| 34 | ഓർമ്മയിലെ നിറങ്ങൾ | 70 |
| 35 | പൊന്നുമുത്ത് | 74 |

## നാളെ.....

| | | |
|---|---|---|
| 36 | For my love | 76 |
| 37 | Students view of life | 79 |
| 38 | Malala : Joan of 21st century | 81 |
| 39 | ഭൂമികുലുക്കം | 83 |
| 40 | A rebirth | 85 |
| 41 | Education . Scenario in India | 88 |
| 42 | സ്വപ്നം | 90 |
| 43 | കാടെവിടെ മക്കളെ | 92 |
| 44 | I never lost hope | 96 |
| 45 | 16 /18 ??? | 97 |
| 46 | ഇനിയെത്ര | 100 |
| 47 | വിജയകിരീടം | 101 |
| 48 | മലയാളം | 103 |



കൊഴിഞ്ഞ ഇലകളിൽ
പതിച്ച നിലാക്കുമ്പിൾ,
പൂക്കളെയെല്ലാം പിന്നോട്ട്
വലിച്ചെടുക്കുന്നതു പോലെ ;
ജീവിതത്തിലെ നഷ്ടപ്പെട്ട
സ്വപ്നങ്ങൾ പലതും
തിരിച്ചു കിട്ടിയ പോലെ...
അതെ! ഇന്നലെ ഇന്നിൽ
നിന്നുള്ള ഒരു പ്രതീക്ഷയാണ്
തിരിച്ചു കിട്ടണമെന്ന പ്രാർത്ഥനയാണ്...

# ഒന്ന് + ഒന്ന് = ഇമ്മിണി ബല്യ ഒന്ന്

സഞ്ജയ് . എസ്

1994 എന്ന വർഷം എനിക്ക് പ്രധാനപ്പെട്ടത് രണ്ട് കാര്യങ്ങൾ കൊണ്ടാണ്. അതിൽ ഒന്ന് എന്റെ ജനനമാണെങ്കിൽ രണ്ടാമത്തേത് എന്റെ ഏറ്റവും പ്രിയപ്പെട്ട കഥാകാരൻ '**ബേപ്പൂർ സുൽത്താൻ**' വൈക്കം മുഹമ്മദ് ബഷീറിന്റെ വിയോഗം ഉണ്ടാക്കിയ നൊമ്പരത്താലാണ്. നൊമ്പരം വേറൊന്നും കൊണ്ടല്ല, ഒന്നും ഒന്നും കൂട്ടിയാൽ ഇമ്മിണി ബല്യ ഒന്നാണെന്ന് എന്നെ പഠിപ്പിച്ച നുറുങ്ങു തമാശകളാൽ മനോഹരമായ പ്രയോഗങ്ങളാൽ മലയാള ഭാഷയിൽ നാഴികക്കല്ലുകൾ തീർത്ത ആ മഹത്‌വ്യക്തി ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ഭാഗമാകാൻ കഴിഞ്ഞില്ലല്ലോ എന്നാണ്. അദ്ദേഹം വിടപറഞ്ഞ ജൂലായ് 5 കഴിഞ്ഞ് കൃത്യം ഒരു മാസം കഴിഞ്ഞാൽ, അദ്ദേഹത്തിന്റെ തന്നെ ഭാഷയിൽ പറഞ്ഞാൽ ഞാൻ ഭൂജാതനായത്. ഒരുപാട് ഒന്നും ഞാൻ വായിക്കാറില്ലെങ്കിലും ബഷീറിന്റെ കൃതികൾ ഒരുവിധം വായിച്ചിട്ടുണ്ടെന്ന് അഭിമാനത്തോടെ എനിക്ക് പറയാൻ സാധിക്കും. എട്ടാം ക്ലാസിൽ ലൈബ്രറിയിൽ വെച്ച് ആദ്യമായി എടുത്തതും ബഷീറിന്റെ 'പ്രേമലേഖനം' എന്ന കൃതിയാണ്. പിന്നീട്, ശ്രദ്ധിക്കപ്പെട്ടതും അല്ലാത്തതുമായ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് വിടർന്ന അക്ഷരമുത്തുകളെല്ലാം എന്റെ മനസിൽ ഇടം നേടി.

നീട്ടിയും കുറുക്കിയും കഠിനപ്രയോഗങ്ങളാലും സമ്പന്നമായ മലയാളഭാഷയിൽ സാധാരണക്കാരന് മനസിലാകുന്ന പ്രയോഗങ്ങൾ നർമ്മത്തിൽ ചാലിച്ച് ഉപയോഗിക്കുകയാണ് ബഷീർ ചെയ്തത്. അദ്ദേഹം

അനുഭവിച്ച കഷ്ടതകളും നേരിട്ട ജീവിത യാഥാർത്ഥ്യങ്ങളും ആ കഥകളിൽ കാണാം. പക്ഷേ കണ്ണീരിന്റെ നനവിനെ തിരശ്ശീലയ്ക്ക് പിന്നിൽ ഒളിപ്പിച്ച് ഓരോ വായനക്കാരന്റെയും ഇലയിൽ അദ്ദേഹം ഫലിതത്തിന്റെ സദ്യ തന്നെ വിളമ്പി. തന്റെ കുടുംബപശ്ചാത്തലവും കുടുംബാംഗങ്ങളും അദ്ദേഹം കൂട്ടിച്ചേർത്ത് കഥാപശ്ചാത്തലവും കഥാപാത്രങ്ങളുമാക്കി തീർത്തു. ബഷീറിന്റെ കൃതികളെപ്പറ്റിയുള്ള ഒരു ഓട്ടപ്രദക്ഷിണം.

"പാത്തുമ്മയുടെ ആടിൽ" നിന്ന് തുടങ്ങാം. കേവലം ഒരു ആട് ഉണ്ടാക്കുന്ന കോലാഹലങ്ങൾ മാത്രമല്ല പാത്തുമ്മയുടെ ആട്. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് ഒരിക്കലും എത്താൻ സാധിക്കാത്ത മുസ്ലീം സ്ത്രീകളുടെ ദയനീയാവസ്ഥ നമുക്ക് അതിൽ കാണാം. ചായയ്ക്ക് പകരം ശർക്കര ഇട്ട വെള്ളം മാത്രം കുടിച്ച് എന്തെങ്കിലും കഴിച്ചെന്ന് വരുത്തി പരാതികളില്ലാതെ അടുക്കളപ്പുറത്ത് കഴിയുന്നവരാണ് തന്റെ ഉമ്മ അടക്കമുള്ളവർ എന്ന് ബഷീർ പറയുമ്പോൾ തന്നെ അത് ബോധ്യമാകുന്നു. പാത്തുമ്മയുടെ ആടിൽ ഇതൊക്കെയാണെങ്കിൽ പഴയ തലമുറയുടെ പൊങ്ങച്ചങ്ങൾ പുതിയ തലമുറയുടെ മുമ്പിൽ അടിയറവെക്കേണ്ടി വരുന്ന അവസ്ഥയാണ് "ന്റുപ്പുപ്പാക്കൊരാനെണ്ടാർന്ന്"ൽ കാണാൻ സാധിക്കുന്നത്. നിഷ്കളങ്കതയുടെ പര്യായമായ കുഞ്ഞുപാത്തുമ്മായിലൂടെ കടന്നുപോകുന്ന കഥയിൽ അവളുടെ സ്വപ്നങ്ങൾ മനോഹരമായി അവതരിപ്പിക്കാൻ കഥാകാരന് കഴിഞ്ഞു. അവസാന ഭാഗത്ത് ഇത്രയും കാലം അവളുടെ ഉമ്മ കൊട്ടിഘോഷിച്ച കൊമ്പനാന 'കുഴിയാനാർന്ന്' എന്ന് തെളിയിക്കപ്പെടുന്നു. പിന്നെയും എത്രയോ കഥകളിൽ ചെറിയ ചെറിയ കാര്യങ്ങൾ വലിയ ചിരി നമുക്ക് സമ്മാനിക്കുന്നു. "മുച്ചീട്ടുകളിക്കാരന്റെ മകളിലെ" ഒറ്റക്കണ്ണൻ പോക്കരും മണ്ടൻ മുത്തപ്പയും തമ്മിലുള്ള ചീട്ടുകളി മത്സരവും സ്ഥലത്തെ പ്രധാന ദിവ്യന്മാരിലെ

തങ്ങളുടെ നാടാണ് ഭൂമിയുടെ കേന്ദ്രമെന്ന് വിശ്വസിക്കുന്ന ദിവ്യന്മാരും 'പൂവമ്പഴത്തിലെ ഓറഞ്ച് പൂവമ്പഴമാക്കി മാറ്റപ്പെടുന്നതും ആനപ്പൂടയിൽ ഒരു ആനവാലിന് വേണ്ടിയുള്ള പരാക്രമങ്ങളെല്ലാം തന്നെ വായനക്കാരന്റെ മനം കവരുന്നു. കഥാപാത്രത്തിന്റെ പേരുകളിൽ തന്നെ ചിരിയുയർത്താൻ കഴിഞ്ഞു എന്നത് അദ്ദേഹത്തിന്റെ വലിയ നേട്ടമാണ്. ആനവാരി രാമൻനായരും പൊൻകുരിശു തോമയും തന്നെ ഉത്തമ ഉദാഹരണങ്ങളാണ്. ഒരു ചെറിയ സംഭവത്തിന് കിട്ടുന്ന അമിത പ്രാധാന്യവും അത് സമൂഹം കൈകാര്യം ചെയ്യുന്ന രീതിയും വിശ്വ-വിഖ്യാതമൂക്കിൽ അദ്ദേഹം വരച്ചുകാട്ടുന്നു. സാമൂഹ്യവിമർശനത്തിന്റെ ഉത്തമ ഉദാഹരണമാണിത്. ഇവയൊക്കെ ചിരിയും ചിന്തയും ഒരേസമയം പ്രദാനം ചെയ്യുമ്പോൾ പ്രണയത്തിന്റെ എക്കാലത്തെയും സുന്ദരമായ ആവിഷ്കാരങ്ങളിലൊന്നാണ് "ബാല്യകാലസഖി". മജീദിന്റെയും സുഹ്റ-യുടെയും വിവിധ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന കഥ ആസ്വാദകനെ ഈറനണിയിച്ച് കൊണ്ടാണ് അവസാനിക്കുന്നത്. മലയാളഭാഷയിൽ എന്നും തിളക്കമേറിയ ഏടായി ബാല്യകാലസഖി അവശേഷിക്കുന്നു. ബഷീർ തന്നെ മുഖ്യകഥാപാത്രമായ "മതിലുകളിൽ" അതിരുകളില്ലാത്ത ചില സ്നേഹബന്ധങ്ങളെ നമുക്ക് കാണാൻ സാധിക്കും. പിന്നീട് സിനിമയായി മതിലുകൾ. സ്ത്രീകളില്ലാത്ത ഒരേ ഒരു മലയാളസിനിമയായി മാറിയതും ശ്രദ്ധേയമായി. പിന്നെയും ഒട്ടനവധി കൃതികൾ ബഷീറിന്റേതായുണ്ട്. തന്റെ അനുഭവങ്ങൾ അദ്ദേഹം വിവരിക്കുമ്പോൾ നാം അത്ഭുതപ്പെടുന്നു. അതുകൊണ്ടാണ് ഒട്ടേറെ വിമർശന പീരങ്കിയുണ്ടകൾ 'ശബ്ദങ്ങൾക്ക്' നേരിടേണ്ടി വന്നത്.

പ്രയോഗങ്ങളും നാടൻ ഭാഷയുമാണ് ബഷീറിന്റെ കൃതികളുടെ മുഖമുദ്ര. മജീദ് തന്റെ രാജകുമാരിയെ വർണ്ണിക്കുമ്പോൾ

സുഹറ എന്ന രാജകുമാരിയെക്കൊണ്ട് ബഷീർ എന്ന് പറയുന്ന സന്ദർഭത്തിന്റെ രസം ചോർന്നുപോകാതെ തന്നെ സംഭാഷണങ്ങൾ ഉപയോഗിച്ചിരിക്കുന്നു. മുക്കന്റെ മൂക്ക് പൊട്ടിയുള്ള കോലാഹലങ്ങളെല്ലാം മനസിലാകാത്ത ജനത്തെ '**ഒണക്കൂട്ടവല്ല്യോ ജനം**" എന്ന് വിശേഷിപ്പിക്കുമ്പോൾ അത് ഇന്നും പൊതുസത്യമായി അവശേഷിക്കുന്നു.

മലയാളഭാഷയ്ക്ക് ഒരു പുതിയ മുഖം സമ്മാനിച്ച ആ സാഹിത്യ പ്രതിഭയെപ്പറ്റി ഇനിയും എന്തൊക്കെയോ എഴുതണമെന്നുണ്ട്. വാക്കുകളുടെ അഭാവത്താൽ സാധിക്കുന്നില്ല. മലയാളികളുടെ ഓർമ്മയുടെ അറകളിൽ ഇന്നും ആ വാക്കുകൾ ഉണ്ട്.

**ഒന്നും ഒന്നും ചേർന്നാൽ ഇമ്മിണിബല്യൊന്നാണ്** എന്ന്



# ഓർമ്മയുടെ മാധുര്യം

അമൃത മനോഹർ

ചിത്രചിറകു പൊഴിച്ചു വർണ്ണാഭമാം
പൂദളത്തിൽ മധുര ചുംബനമേകി
വിട പറഞ്ഞു പോയൊരു പതംഗത്തിൻ
സൗന്ദര്യ ദർശനം പോൽ
കാമിനി നിൻ മോഹ ഹർഷം തൂവും
മധുമയമാർന്നൊരോർമ്മതൻ
മിഴികടാക്ഷങ്ങളിൽ - നിന്നോർമ്മയിൽ
പിന്നെയും പുനഃർജ്ജനി നേടുവാൻ
ഞാനിനി വിടചൊല്ലിടട്ടെ... !
പൂക്കാത്ത വന്യമാം ഇടവഴി
കോണിൽ നിൽക്കെ.....
മുറിഞ്ഞിറ്റി വീഴും മഴത്തുള്ളിതൻ
മൺസ്പർശന സുഗന്ധ ലഹരിയിൽ
കാതിൽ വീണു വിടപറയുന്നു
പഴയ നിൻ കൈവളയുലയും നാദം
മൃദു സ്വരമായ് നിൻ പാദചലനം
ഓർമ്മകൾ മധുരമാം ഓർമ്മകൾ മാത്രം
വിടചൊല്ലി പോയൊരു വേനൽ -
യാമങ്ങൾ തൻ അന്ത്യമധുരിമയും
ഓർമ്മയിൽ നിനക്കായുണ്ടൊരു തീരം
സുഗന്ധ നൈതാമ്പൽ പൂവിൽ...



കാറ്റുണർന്നു ലയം പാടും തീരം.

തെന്നിയൊഴുകും ജലത്തിൽ

നിന്നതിനും ഒരു നീർത്തുള്ളിയേറ്റുവാങ്ങാൻ..

കുളിച്ചീറനാകാൻ കൊതിക്കും രാത്രി ചില്ലികൾ

മിഴി തുറക്കും നിശാന്ത പൗർണ്ണമിതീരം.

കാത്തിരിപ്പൂ പതംഗമേ......

നിൻ മനസ്സിത്തിൻ സുഖലാളനമേൽക്കാൻ,

ഇനിയും പൂക്കാമന്നത കാലത്തിലൊ -

രിടത്തൊരു ചൈത്ര വീഥിയി -

ലൊരു ചില്ലി പൂവായ് വീണ്ടും !

നിൻ മധുര ചുംബനമേൽക്കാൻ ,

മഴവിൽ മനോജ്ഞമാം പൂംചിറകിൻ

തലോടലേറ്റു നിർവൃതി താൻ

കുളിരിലെല്ലാം മറന്നുറങ്ങുവാൻ.

ഇനിയൊരു രാത്രി മാത്രമുണ്ടിനിയെനിക്കും

ബാക്കി നിൽക്കുമോർമ്മകൾ മാത്രം സാക്ഷി.

നിനക്കും ഞാനൊരു സുഗന്ധമാം ഓർമ്മകൾ മാത്രം

ഇനിയൊരു പൂവായ് ഞാനും

മൃതിജനി പൂക്കുമോ.... !

# Agatha Christie - The Queen of Crime

Arunasai , Liz J. Kappen

The 1920s and 1930s were considered the 'Golden Age of Detective Fiction' with the genre flourishing healthily on both sides of Atlantic. One of the most popular English writers is Dame Agetha Christie who holds the Guiness World Record for the best selling writer of books of all time and is probably the most translated author.

Her novels followed the typical 'who dun it' formula. Her first novel '**The Mysterious Affair at Styles**' (1920) gave the world the egoistic yet lovable Belgion detective, Hercule Poirot with his egg shefed heed, love for order and method; and extremely active grey cells that he worked to admirable extent to come up with solutions to baffling crimes.

Christie's other famous detective Miss Jane Marple, the fluffy old lady from the seemingly idyllic village St. Mary Meed, operated on the principle that human nature is the same everywhere and found parallel in her native village for crimes that took place in the cities. The murder at the '**Vicarage**' (1930) was the first novel in which she appeared and "**Sleeping Murder**" (1976) the last. Tommy and Tuppence, super intendent Battle and Parker Pyne were some of


Christie's other detectives.

Agatha Christie was the best known of the big four of the golden age. In what seemed like a take on her own mysteries, Agathe christie disappeared for 11 days in December 1926. Some called it a publicity stunt, some a reaction to her husband's admission of his infidelity others believed she had temporary amnesia or nervous breakdown caused by depression. There was a frantic manhunt and she was finally discovered in a hotel where she had registered under the name Mrs. Teresa Neele. The sensational mystry has not yet been completely solved.

# Still I Love

Shafna P.C.

I am afraid to love
Yet I love you
My fear is like a wall
a wall I walk right through
The wall is there, and
yet it doesn't stop me.
I need it still and
yet I still need you
I know someday
we will be in a field
A field that's surrounded by the -
blessings of the sky
I will dance with all the freedom
Dance with pure joy
Needing you without a reason why
But now I am still afraid
Afraid that I might lose you
Afraid that you might not
accept my desperate need
You are the flower
I the slender reed . . . . . .



# Philately

Anjali V. A.

An educator named Rowland Hill of England is considered the father of Philately. The world's first postage stamp was issued in 1840 by Great Britain. Two years later stamps were used by a private postal service in Newyork. Brazil and two Swiss cantons were the next to issue stamps. The U.S used its first stamps on July 1st, 1847, India's first stamp appeared in 1852. The bits of coloured paper were a curiosity and used specimens were retained by some people. Thus the hobby was born. The interest spread rapidly and everywhere men and women began hunting for used stamps of different countries. By 1850, the hobby had taken root.

Today stamp collecting is the world's most popular hobby. It is described as the hobby of kids and kings. In recent times the study of stamp has been taken up by many. There are museums of stamps and philately libraries not to mention the umpteen stamp clubs.

Stamps have a newface now. They are a form of investment like paintings or share certificates. In advanced countries stamp investment has reached a high degree of growth. Reports say that considerable amount of money is being invested in stamps in India and China

# ഞാൻ

അലൻ.സി.ആന്റണി

**ഞാൻ .....**

ഞാനാരാണ് ....

എന്നിലേക്ക് തന്നെ തിരിഞ്ഞു നോക്കി

എനിക്കെന്റെ 'മുഖം' കാണാനാകുന്നില്ല

കണ്ണാടി എടുത്ത് മുഖം നോക്കി

വെളുത്ത പല്ലും , ചുവന്ന ചുണ്ടും തുടുത്ത കവിളും

ഉണ്ടക്കണ്ണും ഉള്ള ഒരു സുന്ദരനാണോ... ??

അതോ.....

പടർന്നു പരത്തിക്കിടക്കുന്ന

പുസ്തകത്തിന്റെ ഉള്ളിൽ കിടന്നുരുളുന്ന

പേജുകൾ കടിച്ചു മുറിച്ചു ചുമക്കുന്ന

തുരന്ന് പിച്ചിയെടുക്കുന്ന - ചിതലോ...??

ക്രൂശു ചുമന്ന് , നിലവിളിച്ച്

നഗ്നനാക്കപ്പെട്ട് , മീറ കലക്കിയ വെള്ളം കുടിച്ച്

കണ്ണുകൾ മേലോട്ടുയർത്തി, എല്ലാവരോടും ക്ഷമിച്ച്

മുൾക്കിരീടം ധരിച്ച് , ചെമന്ന അങ്കി കീറിയിടുന്നത് നോക്കിനിന്ന

മൂന്നാം ദിനമുയർക്കുന്ന - ക്രിസ്തുവോ...??

ചുറ്റുമുള്ളവർ മുൻപോട്ടു പോകുമ്പോൾ

നിശ്ചലമായ ഘടികാരം പോലെ

മേലോട്ടു വായപിളർന്നു പകച്ചു നിൽക്കുന്ന

മുന്നോട്ട് നോക്കി പിന്നോട്ടോടുന്ന

തേരുതെളിക്കുന്ന - **കുതിരയോ**...??

അതോ....

ചുറ്റുമുള്ള യാഥാർത്ഥ്യത്തെ
വെളുത്ത മൂടുപടം കൊണ്ട് മറച്ച്
"എനിക്കു പങ്കില്ല" - എന്നു പറഞ്ഞ്
കൈ കഴുകുന്ന **പീലാത്തോസോ**...??
ഞാനെന്നിലേക്ക് തന്നെ
വീണ്ടും തിരിഞ്ഞു......
കണ്ണുകൾ നാലുഭാഗത്തേക്കും തിരിച്ചു
കാക്ക ഭക്ഷണം തിരയുന്ന പോലെ
തല ചരിച്ചും തിരിച്ചും നോക്കി
എനിക്കു താഴെയുള്ള നനഞ്ഞ
പൂഴിയിൽ ആയിരം കാൽപ്പാദങ്ങൾ
ഞാൻ പോകുന്നതിനു
മുൻപേ നടന്നവർ
എനിക്കു വഴി കാണിച്ചു തന്നവർ
അതേ..... ഇന്നു ഞാനറിയുന്നു....
ഞാൻ 'ഞാൻ' മാത്രമല്ല .....
ഈ കാൽപ്പാദങ്ങൾ മാത്രമാണ് എന്ന്

# നിശബ്ദത

കീർത്തന കെ

ഏകാന്തതയുടെ നിശബ്ദ വേളയിൽ, സൂര്യരശ്മികൾ ജനലഴികളിലൂടെ അരിച്ചിറങ്ങി സങ്കടത്തിന്റെയും ഒറ്റപ്പെടലിന്റെയും അന്ധകാരമായ ആ മുറിയിലെ പ്രകാശപൂരിതമായി.

ആ കുടുസുമുറിയുടെ അരികിൽ നിവർത്തിയിട്ടിരിക്കുന്ന പായയിൽ കൈകൾ മുട്ടുകൾക്കിടയിൽ തിരികി വച്ചുകൊണ്ട് അയാൾ കിടക്കുകയാണ്. പൂർണമായ നിദ്രയിലല്ല കണ്ണുകൾ പാതി തുറന്ന അവസ്ഥയിൽ. അയാൾ ഒന്ന് നിവർന്ന് കിടന്നു കണ്ണുകൾ തുറന്നു. പക്ഷേ ആ ദിവസത്തെ വരവേൽക്കാൻ അയാളുടെ മനസ്സും ശരീരവും അനുവദിക്കുന്നില്ല. പെട്ടെന്നൊരു ആന്തൽ അയാളെ എഴുന്നേൽപ്പിച്ചിരുത്തി. കാലുകൾ ഒഴിഞ്ഞുകിടക്കുന്ന പാത്രത്തിൽ തട്ടി അരോചകമായ ശബ്ദം പുറപ്പെട്ടു. അഴികളുടെ അടുത്തേക്ക് നടന്ന് നീങ്ങി ഭിത്തിയിൽ വരച്ചുവച്ചിരിക്കുന്ന ഏതോ ഒരു ചിത്രത്തിലേക്ക് കണ്ണും നട്ടിരുന്നു. പെട്ടെന്ന് ആ ചിത്രങ്ങൾ ജീവൻ തുടിക്കുംപോലെ അയാൾക്ക് തോന്നി. എന്തെന്നില്ലാത്ത എന്നറിയാത്ത ഒരു സന്തോഷം അയാളെ വാരിപ്പുണർന്നു. അയാൾ അതിന്റെ ലീലകളിൽ സ്വയം മറന്ന് തെല്ലു ഭീതിയോടെ നിന്നു.

അത്യാവശ്യം ജീവിതസാഹചര്യങ്ങളുള്ള ഒരു ഇടത്തരം കുടുംബം. രാവിലെ കുട്ടികളെ സ്കൂളിലേക്കയക്കാനായി അമ്മ ധൃതിപ്പെട്ട് അടുക്കളപ്പണിയെടുക്കുകയാണ്. അപ്പച്ചട്ടിയിൽ മാവ് ഒഴിച്ച് അതിൽ നിന്ന് ശബ്ദവും വാസനയും പുറത്തേക്ക്

പറഞ്ഞിരുന്നു.

അമ്മ: "അമ്മുമോളെ റെഡിയായിട്ട് ഭക്ഷണം കഴിക്കാൻ വാ എനിക്കിന്ന് നേരത്തെ പോകേണ്ടതാണ്."

അമ്മു: അമ്മേ എന്റെ നോട്ട്ബുക്ക് തീർന്നു. സാറന്മാര് വഴക്ക് പറയും

അമ്മ: ഈശ്വരാ. അമ്മയ്ക്കിന്ന് ശമ്പളം കിട്ടുമ്പോൾ വാങ്ങിത്തരാം മോളേ

അമ്മു: എന്താ അമ്മേ ഞാൻ മാത്രം ഇങ്ങനെ എന്റെ അച്ഛൻ...

അമ്മ ഒന്നും മിണ്ടാതെ ദോശ ഒരു പാത്രത്തിലെടുത്ത് കുട്ടിക്ക് കൊടുത്തു. അവൾ അത് സ്വാദോടെ കഴിച്ചു. അങ്ങനെ സമാധാനമായി മുത്തം കൊടുത്ത് അവൾ സ്കൂളിലേക്ക് മടങ്ങി.

അമ്മ ഒരു നെടുവീർപ്പോടുകൂടി വീണ്ടും അടുക്കളയിലേക്ക് നീങ്ങി. ഉച്ച നേരത്തെ അധ്വാനത്തിനുശേഷം അവൾ വിശ്രമത്തിനായി അടുക്കള വരാന്തയിലേക്കിറങ്ങി കയ്യിൽ മടക്കി പിടിച്ചിരുന്ന ഒരു ദോശ കഴിക്കാനായി വായുടെ അടുത്തേക്ക് കൊണ്ടുവന്നപ്പോൾ അകത്ത് ഒരു അനക്കം കേട്ടു. അവൾ ധൃതിപ്പെട്ട് അകത്ത് ചെന്ന് നോക്കി. അവളുടെ താൻ സ്വരുക്കൂട്ടി വച്ചിരുന്ന പണപ്പെട്ടി അവൾ അലമാരയിൽ തിരഞ്ഞു. പെട്ടെന്ന് അവൾ ആശ്വാസപൂർവം ഒന്നു പുഞ്ചിരിച്ചു ദൈവത്തെ നന്ദി പറഞ്ഞു. അവൾ വീണ്ടും അടുക്കളയിലേക്ക് പോയി. എങ്കിലും സംശയത്തിന്റെ നിഴൽ അവളെ വലഞ്ഞു കൊണ്ടിരുന്നു. അവൾ ഒന്നും കൂടി പോയി ആ പെട്ടി തുറന്ന് നോക്കി. അവൾ ഒന്ന് ഞെട്ടി. ഉള്ളിൽ നിന്നൊരു ആന്തൽ. അവളുടെ മസ്തിഷ്കം ആകെ പെരുത്തുകേറും പോലെ തോന്നി ഒരു നിമിഷം ആലോചിച്ച് അവൾ പുറത്തേക്ക് ഓടി. ആരോ അതിലെ നീങ്ങുന്ന പോലെ.

അവൾക്ക് തോന്നി അത് ലക്ഷ്യമാക്കി അവൾ നടന്നിരുന്നു. അവൾ സംശയിച്ചപോലെ തന്നെ. തന്റെ കുടുംബത്തെ രക്ഷിക്കാനുള്ള വ്യക്തി തന്നെ അതിനെ തകർക്കാനായി ഒരുമ്പെട്ടിറങ്ങിയിരിക്കുകയാണ്. അവൾ അയാളെ കടന്നുപിടിച്ച് അയാളുടെ കൈയിലിരുന്ന പണം വാങ്ങാനായി ശ്രമം നടത്തി ആ ബഹളത്തിനിടയിൽ അയാൾ അവളെ തള്ളി മാറ്റി.

ആ വീഴ്ച അവളെന്ന വ്യക്തിയെ എന്നേക്കുമായി ഇല്ലാതാക്കി. ഓർമ മാത്രം അവശേഷിക്കുന്ന ഒരു ചുമർ ചിത്രമായി അവൾ മാറി.

ഇതൊന്നും അറിയാതെ അമ്മു അവളുടെ പാഠങ്ങൾ പഠിച്ചു സ്കൂളിൽ സുഹൃത്തുക്കളോടൊപ്പമാണ്. വൈകുന്നേരം സ്കൂൾ കഴിഞ്ഞ് മടങ്ങിയെത്തിയ ആ കുഞ്ഞിനെ തേടിയെത്തിയത് അമ്മയുടെ വേർപാടാണ്. ഒപ്പം ആ കുഞ്ഞുമനസ്സിൽ അച്ഛൻ എന്ന കൊലയാളിയോടുള്ള തീർത്താൽ തീരാത്ത ദേഷ്യവും. ബന്ധുക്കൾ അമ്മുവിനെ കൊണ്ടുപോകുവാൻ എത്തി. തെളിവെടുപ്പിനായി അയാളെ കൊണ്ടുപോകുന്നത് ഒരു നോക്ക് അവൾ കണ്ടു. അവൾ ഉറക്കെ "എന്റെ അമ്മയെ കൊന്നുപോ" നിശബ്ദം. പെട്ടെന്ന് എന്തോ ധൂസരശക്തിയിൽ വലയപ്പെട്ടപോലെ അയാൾ ഭയന്ന് കണ്ണുകൾ തുറന്നു. നൊമ്പരപ്പെടുത്തുന്ന ആ നിമിഷങ്ങൾ അയാളെ തെല്ലും ഭയപരവശനാക്കി ചുറ്റും മതിലുകൾ. ആ ഓർമയുടെ അന്ത്യപരിവേശം അയാളെ ഒരു കൊലയാളിയാക്കി. തന്റെ കണ്ണിൽനിന്നുതിർന്ന കണ്ണീർതുള്ളികൾ താടി രോമങ്ങളിലൂടെ ചുഴിഞ്ഞിറങ്ങി. ഇപ്പോൾ ഏകാന്തതയുടെ ഭീകരതയിൽ ആ ഓർമ അയാളെ വേട്ടയാടുന്നു.

# AT THE HELM......

Jyothi K.R.

Hotly flushed my face.....
In the terrific pace......
Hands trembling and on the pavement
lies my body with its movement
Too baffle, too pale,, I the duffer
Still trusting the pubmates.

Once with many I cheered
Obsessed with liquor
Once with the zenith of revel
Arose a perpetual drunkard
Addicted with paramount avarice
Adding to the world of duds.

At this destiny I realize
The depriving love and dignity
Late evening with this vampire microbes
Yearns for a life to serve
Driving away the thoughts of fiasco
To quench the thirst for life



I assert, never again to skid
Word from the sobering influenze
Cancer haunts the cells
Bosom knockout the hell
It murmers, this is the way of fragrance
To come with healthy vengeance
For I could be the veteran soul
To be a paradigm at the helm......



# ജീവിതം എന്തെന്നറിഞ്ഞ യാത്ര

പാർവ്വതി. എസ് സുരേന്ദ്രൻ

**നേച്ചർ** ക്ലബ്ബിന്റെ ഭാഗമായി ഞങ്ങളുടെ വിദ്യാലയത്തിൽ എല്ലാ വർഷവും Study tour സംഘടിപ്പിച്ചിരുന്നു. ആ യാത്രകൾ ഞങ്ങൾ Study tour എന്നതിനെക്കാളും Picnic ആയാണ് കണ്ടിരുന്നത്. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ ആയിരുന്നു ആദ്യ യാത്ര. tour നെക്കുറിച്ച് പറഞ്ഞു കൊണ്ട് അധ്യാപിക ക്ലാസിൽ വന്നപ്പോൾ എല്ലാവർക്കും വളരെ സന്തോഷമായി. പക്ഷേ എവിടെയാണ് പോകുന്നതെന്ന ചോദ്യത്തിന് അധ്യാപിക ഇങ്ങനെ ആയിരുന്നു മറുപടി തന്നത്. "ഈ സ്ഥലം നിങ്ങളാരും കണ്ടിട്ടുണ്ടാകില്ല. പക്ഷേ അവിടെ ചെല്ലുമ്പോൾ നിങ്ങൾ മനസ്സിൽ ചോദിക്കും. "ഇത്ര മനോഹരമാണോ എന്റെ നാട്" എന്ന്. നഗരത്തിന്റെ തിക്കിൽ നിന്നും തിരക്കിൽ നിന്നും ഒരു ദിവസത്തേക്ക് നമ്മൾ വിട പറയുന്നു. ടീച്ചർ പറഞ്ഞത് എന്താണെന്ന് അന്ന് മനസ്സിലായില്ല. എങ്കിലും യാത്ര പോകുന്ന സന്തോഷത്തിൽ എല്ലാവരും തിമിർത്തുല്ലസിച്ചു.

യാത്രയുടെ ദിവസമെത്തി. എങ്ങോട്ടെന്നറിയാത്ത യാത്ര. പതിവു പോലെ ആട്ടവും പാട്ടുമായി ഞങ്ങൾ യാത്ര ആരംഭിച്ചു. ബസ് അധികം വൈകാതെ ചെന്നെത്തിയത് ഒരു കടൽ തീരത്താണ്. നിറയെ പാറക്കെട്ടുകളുള്ള, അധികം ആരും കാണാത്ത ഒരു കടൽ തീരം. അന്നും ഇന്നും എന്നും മനുഷ്യന് കടലും മലകളുമെല്ലാം ഒരു കൗതുകം തന്നെയാണ്. അതു കൊണ്ട് തന്നെയാകാം മുൻപ് പലവട്ടം കടലിൽ കുളിച്ച ഞങ്ങൾ പിന്നെയും ആ

ലക്ഷ്യത്തോടെ കടലിൽ ഇറങ്ങിയത്. പിന്നെയും ഞങ്ങളുടെ യാത്ര തുടർന്നു. കുറച്ചു സമയം കഴിഞ്ഞപ്പോഴേക്കും ഞങ്ങൾ പ്രധാന നഗരത്തിൽ നിന്നും മാറി ഏതോ ഗ്രാമപ്രദേശത്ത് എത്തിച്ചേർന്നു. ആ സ്ഥലം കണ്ടപ്പോൾ ഞങ്ങൾ തിരുവനന്തപുരത്താണോ എന്ന് തന്നെ തോന്നി. ഞങ്ങൾക്ക് സുപരിചിതമല്ലാത്ത ഒരു നാട്ടു പ്രദേശം. കോൺക്രീറ്റ് കെട്ടിടങ്ങൾ കണ്ടു വളർന്ന ഞങ്ങൾ ചെന്നെത്തിയത് നിറയെ മരങ്ങൾ തിങ്ങി നിൽക്കുന്നതും റോഡിനരികിലൂടെ ഒഴുകുന്ന കായൽ ഉള്ളതുമായ ഒരു സ്ഥലത്ത്. പരിഷ്കാരവും വികസനവും അധികം ചെന്നെത്താത്ത, പ്രകൃതിയെ കാത്തു സൂക്ഷിക്കുന്ന 'അഞ്ചുതെങ്ങ്' എന്ന സ്ഥലത്തായിരുന്നു ഞങ്ങൾ എത്തിയത്. തിരുവനന്തപുരത്ത് തന്നെ നഗരത്തിൽ നിന്നും വിട്ടുമാറി സ്ഥിതി ചെയ്യുന്ന ഈ ചെറിയ ഗ്രാമം ബ്രിട്ടീഷുകാരുടെ കാലം മുതൽക്കേ പ്രാധാന്യം അർഹിക്കുന്നതാണ്. East India Company നിർമ്മിച്ച 'അഞ്ചുതെങ്ങ് ഫോർട്ട്' ഇവിടുത്തെ പ്രധാന ആകർഷണമാണ്. പക്ഷേ ആ ഫോർട്ടിനേക്കാളും ഞങ്ങളെ ആകർഷിച്ചത് അവിടുത്തെ പ്രകൃതി തന്നെയാണ്.

സിനിമകളിൽ മാത്രം കണ്ട കായലുകളും കടത്തു വഞ്ചിയുമെല്ലാം നേരിൽ കാണാൻ കഴിഞ്ഞ സന്തോഷം എല്ലാവർക്കും ഉണ്ടായിരുന്നു. പക്ഷേ അല്പ സമയത്തിനകം ഞങ്ങൾ കണ്ടത് ജീവിക്കാൻ വേണ്ടി വിധിയോടു പൊരുതുന്ന ഒരു പറ്റം ആളുകളെയാണ്. ചെറുകിട വ്യവസായങ്ങളിൽ ജോലി ചെയ്യുന്ന കുറച്ചു കുടുംബങ്ങളെ ഞങ്ങൾ കണ്ടു. പ്രധാനമായും അവിടെ ഒരു ചെറിയ കയർ ഫാക്ടറി

ഉണ്ടായിരുന്ന അവിടെ ജോലി ചെയ്യാൻ എത്തുന്നത് 15 വയസ്സിനും 70 വയസ്സിനും ഇടയിൽ ഉള്ളവരാണ്. വിശ്രമിക്കേണ്ട നാളുകളിൽ അന്നത്തിനായി കഷ്ടപ്പെടുന്ന മുത്തശ്ശിയും പഠിച്ചും കളിച്ചും നടക്കേണ്ട പ്രായത്തിൽ വീടിനു തുണയായി നിന്ന ആ പെൺകുട്ടിയും ഞങ്ങളുടെ മനസ്സിൽ എവിടെയോ ചെറിയ നൊമ്പരം ഉണർത്തി.

എല്ലാ തവണയും പ്രകൃതിയെക്കുറിച്ചുള്ള പഠനത്തിനായി നടത്തിയിരുന്ന യാത്രകളെപ്പോലെ ആയിരുന്നില്ല ആ യാത്ര. മടങ്ങി വരുമ്പോൾ പ്രകൃതിയുടെ സൗന്ദര്യം മാത്രമല്ല, ഇതു വരെ നേരിട്ടു കാണാത്ത, ജീവിതത്തോട് പൊരുതുന്ന ഒരു പറ്റം ആളുകളുടെ അധ്വാനവും എ.സിയും ടീവിയും ഒന്നുമില്ലാത്ത, ഒരു നേരത്തെ ആഹാരത്തിനുള്ള കഷ്ടപ്പാടും ഞങ്ങളുടെ മനസ്സിൽ ചിന്തകളുണർത്തി. ജീവിതം എന്നത് നാം കാണുന്നതിനേക്കാൾ വളരെ കഷ്ടതകൾ നിറഞ്ഞതാണ്. നാം പുതിയ മൊബൈലിനും ലാപ്ടോപ്പിനും വേണ്ടി മാതാപിതാക്കളോട് വഴക്കടിക്കുമ്പോൾ നമ്മെപ്പോലുള്ള കുട്ടികൾ നമുക്ക് ചുറ്റും ഒരു നേരത്തെ അന്നത്തിനായി കഷ്ടപ്പെടുന്നു എന്ന് ഓർക്കുക. ഓർക്കുക, അവർക്കുമുണ്ടാകും സ്വപ്നങ്ങൾ, ലോകം കീഴടക്കുവാനല്ല, മറിച്ച് അത്താഴ പട്ടിണി കിടക്കാത്ത ലോകത്തിന്റെ ഒരു കോണിൽ അന്തിയുറങ്ങാൻ.



# भारत में नारी की स्थान

Durga. P.

नारी सृष्टी की मूल है। वह माँ है, पत्नी है, प्रयसी है, पुत्री है, देवी भी है और दानवी भी। वह जीवन के प्रत्येक क्षेत्र में पुरुष की सहभागिनी है। पौराणिक संस्कृति में नारी की अनंत महिमा का गान है। शिव की कल्पना भी 'अर्द्ध-नारिश्वर' के रूप में की गयी है। जहाँ नारी की पूजा होती है, देवता वही रमण करते हैं अनेक प्रयासों द्वारा आधुनिक भारत में नारी पुन: मुक्त हुई और नए रूप में पुन: उसकी प्रतिष्ठा हुई। भारतीय मानस-पटल पर एक बार पुन: विजयलक्ष्मी पंडित, सरोजिनी नायडू, श्रीमती इंदिरा गाँधी आदि के नाम ज्योतिर्मय नक्षत्रों के रूप में जगमगाने लगे।

हमारा हृदय प्रसाद के स्वर में सहज ही कह उठता है।



"नारी तुम केवल श्रद्धा हो, विश्वास रजत नग-
पग तल में।
पीयूष स्रोत सी बहा करो, जीवन के
सुंदर समतल में।"

# Visit to Singapore - The Lion City

Roshna George

Singapore is also referred to as the Lion city, the name being derived from the Malayalam word "Singapura" which means lion city. It is one of the favourite tourist destinations of the world with a wide range of attractions such as Sentosa, Universal studios, Night Safari and the list goes on.

I had a unique opportunity to visit this island country during my last Pooja holidays. I was really excited as it was my first visit outside India.

Singapore is a cosmopolitan city with the lowest crime rates in the world. It has about eight airports and the largest one being the Changi Airport with 30 terminals. Singapore has its own history and culture which is a blend of Chinese, Malayas and Indian. The story of formation of Singapore, its history, war and independence all are depicted as much of the images of Singapore, a museum. It also tell us about the great heroes who fought for the country's freedom.

Among the 63 islands in Singapore, Sentosa is the favourite among the tourists. It has built Tiger Sky Tower, which allows us to view the whole Sentosa.

The most important attraction of Sentosa is the Universal studios which had just opened officially in April 2010

Anyone who visits Singapore, should not miss this one particularly It would take atleast a whole day to visit each and every corner of the studios. It is divided into 7 zones. Madagascar, with its adaptation of the set that resembles the animation film Madagascar. The Palace of Far Far Away with 4-D animation film shows like that of the Shrek. Then comes the Lost World where you can find a world of Dinosaurs and Waterworld with its live water show that leave us all wet from head to toe.

Then there is Ancient Egypt, a world full of ancient Egyptian mummies. The 3-D ride in this zone is a scary one which I didn't get a chance to experience due to limited time. Then comes Sci-fi zone a futuristic city and the last two zones are of the theme of a famous city in America, that is Hollywood and New York.

In the Hollywood section, the transformers 3-D ride is a superb one and I liked it the most. It is a wonderful ride but we had to wait in long queues to enter but still the long wait was worth it.

Another attraction is the Singapore flyer. This is the world's largest observation wheel and it is about 165m high. It offers us a breath taking view of the whole of Singapore as well as glimses of Indonesia and Malayasia.

Then there is a Singapore zoo with a wide variety of

rare animals. A unique feature of the zoo is the night safari which allows the people to explore Asian, African and American habitats at night without any visible barriers between visitors and the wild animals. It give us a feeling that we are travelling through the forest. It is one of the rare experience that we get and I thoroughly enjoyed it.

Another feature is the Little India Street which is an entirely Indian street that has mostly Tamil shops and restaurants. There are stalls selling clothes, shoes and articles with prices so reasonable that we get confused as to what to buy and what not to.

Walking through the streets reminds us of India, so much with all wonderful decorations and Tamil signs everywhere. A major tourist spot here is the Mustaffa centre, which is a very huge complex where there is a lot of commodities like cosmetics, food items, clothes, electronic items, laptops etc.

The visit to Singapore was a wonderful experience for me and it was the best trip I ever had and I hope that I will get one more chance to visit this Lion City.....

# ഭൂതകാലക്കുളിർ

ഹരിതരാജ് എസ്.

ഇരുട്ടുമൂടിയ ആ ചെറിയ മുറിയിൽ നിന്നായിരുന്നു ആ ശബ്ദം. എന്തൊക്കെയോ ആരോടോ പറയുവാനുണ്ട് പക്ഷേ !!!... വിറയലോടെ ആ വരണ്ട ചുണ്ടുകൾ ഒന്നു ചലിച്ചു ആ അന്ധകാരം പൂർണ്ണമായി കണ്ണുകളെക്കൂടി ബാധിച്ചിരിക്കുന്നു വിറച്ചു വിറച്ചു ആ ഊന്നുവടിക്കുപോലും വാർദ്ധക്യം വന്നിരിക്കുന്നു വാർദ്ധക്യം! ഒരുപക്ഷേ അതിന്റെ അർത്ഥം തന്നെ വലിയ പരാജയം എന്നായിരിക്കുമോ ? അങ്ങനെയാണ് അദ്ദേഹത്തെ ജീവിതം പഠിപ്പിച്ചിരിക്കുന്നത്. ഓലക്കീറിനുള്ളിലൂടെ വന്ന വെളിച്ചം ആ കൈകളിൽ പതിക്കുമ്പോൾ തന്റെ മനസ്സും യൗവനകാലങ്ങളിലെന്ന പോലെ വാനോളം സ്വപ്നങ്ങൾ കണ്ട് നെഞ്ചോട് ചേർത്ത് ലാളിച്ച മകൻ.... അക്ഷരങ്ങളെ സങ്കല്പങ്ങളാക്കാൻ സരസ്വതി ക്ഷേത്രത്തിൽ അവൻ പടികയറിയ നിമിഷം .... പറക്കമുറ്റാത്ത പറവക്കുഞ്ഞുങ്ങളെ വളർത്തുന്ന അമ്മക്കിളിയെപ്പോലെ അദ്ദേഹം അവനെ ലാളിച്ചു മകനെപ്പോലും കാണാതെ പ്രസവമുറിയിൽ മിഴിയടഞ്ഞ അമ്മ... അവന് അച്ഛനും അമ്മയും ഒന്നായി മാറിത്തുടങ്ങി. വേദനകൾ സ്വയം ദഹിപ്പിച്ചു കളയുകയല്ലാതെ ഒന്നും അവനെ അറിയിച്ചിട്ടില്ല. ഒരുപക്ഷേ അങ്ങനെയാകാം അദ്ദേഹത്തിന്റെ മനസ്സിപ്പോൾ ശ്മശാനതുല്യമായത് ചിറകുമുളച്ചു തുടങ്ങിയപ്പോൾ പറന്നു കയറാനുള്ള വഴികൾ ഒരുക്കിക്കൊടുത്തു. ഒരു മിഠായിക്കട മാത്രം താങ്ങായിരുന്ന അദ്ദേഹം മകന് മധുരം പകരാൻ തന്റെ ആഗ്രഹങ്ങൾക്കും സ്വപ്നങ്ങൾക്കും വിരാമമിടേണ്ടി വന്നു. ഒടുവിൽ തനിയെ വഴിവെട്ടിത്തുടങ്ങിയപ്പോൾ

"എന്റെ കാര്യം. എനിക്കറിയാം" എന്നായി മാറി. പൊരുത്താൻ മനസ്സിൽ കൂട്ടിക്കൂട്ടിയപ്പോൾ അക്ഷരങ്ങൾ വെറും ദുരാഗ്രഹങ്ങൾ മാത്രമായി മാറി. തനിക്കു കിട്ടിയ നേട്ടങ്ങൾ കാറ്റിൽ പറത്തിക്കളയാൻ അവനെടുത്ത ആ നിഷ്ഠൂരമായ സമയം കൊണ്ട് ആ അച്ഛന്റെ ഹൃദയത്തെ പറിച്ചെടുത്ത വേദന ജീവിതത്തിന്റെ പതനത്തിലേക്കു തന്നെ വീഴ്ത്തി. അരുത് എന്ന് പറയുമ്പോഴേക്കും കാലം തന്നെ ഒരുപ്പെടുത്തിക്കഴിഞ്ഞു. ഞാൻ മനസ്സിൽ സൂക്ഷിച്ചിരുന്ന മൂർത്തി രൂപങ്ങൾ വെറും ശിലയായി മാറിയിരിക്കുന്നു. ഓർമ്മകൾ ദാഹജലമായി സ്വീകരിച്ച ആ ശരീരം മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെയായി മാറി. പക്ഷെ! ആ മഴ എത്തുകയില്ലെന്ന തിരിച്ചറിവു കൊണ്ടാവും തന്റെ കവിൾത്തടങ്ങളിൽ ചുംബിക്കാൻ കണ്ണുനീർത്തുള്ളികൾ ഇത്ര തിടുക്കം കാട്ടുന്നത്. പരാജയങ്ങളുടെ നരകത്തിൽ ഇരുന്നു കൊണ്ട് അദ്ദേഹം ഇപ്പോഴും വീക്ഷിക്കുന്നത് ചുമരിൽ എഴുതിയിരിക്കുന്ന അക്ഷരക്കൂട്ടങ്ങളിലേക്കായിരുന്നു.

# Beginning of the End

Anitta Judy Kurian

The path infront of me was totally strange to me. 'Why I'm here?', once more the same question arise from me. Something had happened terribly in my life, but what was that? I tried to remember the past, but nothing came to my mind. I decided to come back and think about the present. Where I stand now? I looked around. The only thing I can see is the dark woods seemed to swallow me.

The rays from the sun scattered and entered into woods.

"Where to go? Whom I call for help?" All were answerless questions.

"This is never happening, after the birthday party of Amanda, we three were getting back to home together." "After dropping Emily and Bella? I drive back alone to my home." I tried to remember my yesterday.

'Yes'. That was something came loudly from me. As I continue to drive the road around me, it seems to get more and more dark. Struggling to keep control of the car, my phone rings. This distraction broke my focus and car swerves to side. A tree comes out of

me where barreling towards me. Suddenly it's over. The forest was silent. And the last thing I remember was my heavy breath. 'But how I came in this woods? Where is my car? I stopped walking. The trees around insist fear on me. They all were like beast with extended hands to catch me.

Suddenly I heard footsteps from my back and I realized that it's coming closer to me. What will I do? OK. The only thing to do is 'run'. I kept my first step without looking back and run.

'No, I can't run any more'.

I stopped my running and looked a place to sit. But the Lord doesn't permit that. The footsteps behind me was not ready to leave me. It has followed my way. The fear inside me restricted my vision to back'. Nothing can do, no one is going to help me'.

But the reality, we must face that, right? I turned back. Two shining eyes were staring at me. Something with pale yellow coloured with broadly spotted in black. I realized that, it was a leopard. I tried hard to stand still in my two feet, as it was shivering.

Once I turned around, I flamed myself. If I were not, I wouldn't see another beast waiting for me. Beside me there was a lion, with a distinctly dark and luxuriant mane ream that again increased

my degree of fearness.

Oh my God, what will I do? How can I escape from this danger? Now I can hear my heart beats getting closer. I start sweating and half paralysed. Every one step become impossible. Anything can happen now. My life is going to end. The journey is finished, my thoughts became philosophical.

The leopard on one side and lion on other. Both of them approached slowly to me with a smile of satisfaction. Now they are at one step distant from me. I closed my eyes tightly. God, I'm coming.

Ghrr...

"Jennifer, wake up, your father is waiting for you" "How many times, I had said that don't drive the car late night." Mom starts her daily routine.

Thus I escape from a terrific dream. A great escape.



# ഞാനും സത്യവും

ക്രിസ്റ്റി ജോർജ്ജ്

കാണേണ്ടതൊന്നും കാണ്മതിനായ്
ശ്രമിച്ചില്ല ഞാനൊരിക്കലും
കേൾക്കേണ്ടതെല്ലാം കേൾപ്പതിനായ്
കാതോർത്തില്ല ഞാൻ
കാണാപ്പുറങ്ങൾ കാണുവാനും
കേൾക്കാക്കഥകൾ കേൾപ്പതിനും പൊല്ലി
പഠിച്ചു പാഠം വന്ന കേവലം
ഭീരുവാം മഹാത്മാവാണു ഞാൻ
സത്യത്തെ മിഥ്യയിൽ നിന്നു തിരിക്കുവാൻ
ശ്രമമില്ല കഴിവില്ല സമയമില്ല
സത്യം തിരഞ്ഞു നടക്കുവാനെനിക്കാ-
വകാശമില്ല ; ഞാൻ തിണ്ടുമേറെ
അറിയേണ്ടതില്ലൊരു സത്യവുമെനിക്ക്
കേൾക്കേണ്ടതില്ലൊരു ന്യായവുമെനിക്ക്
ന്യായവും സത്യവും പണ്ടൊന്നാം
ഏകപക്ഷീയമെന്നോർക്ക നീയും
സത്യമെന്തായാലും ന്യായമെന്തായാലും
മാറുന്നതല്ലെൻ മനം സുഹൃത്തേ
പൊയ്ക്കൊൾക നീ, നിൻ വഴിയിലൂടെ
തിരിഞ്ഞു നോക്കാതെ നടന്നു കൊൾക.

# തിരിച്ചറിവ്

റോഷ്നി ജോൺ

സർവ്വസൃഷ്ടികളുടെയും പരമോന്നതമായ ആവിഷ്കാരം "മനുഷ്യൻ". ഈ ലോകത്തിന്റെ നായകനായി നോക്കെത്താ ദൂരത്തും തന്റെ കരസ്പർശം കൊണ്ട് കനകം തീർത്ത മനുഷ്യൻ... എങ്കിലും ഈശ്വരന്റെ സൃഷ്ടിയിൽ എന്തെങ്കിലും പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ടോ? മനുഷ്യൻ എന്ന നാമകരണം പേറിയതു കൊണ്ട് കാര്യമായില്ലല്ലോ... മനുഷ്യനായി തന്നെ ജീവിക്കണ്ടേ...!!

ഇതെല്ലാം ആലോചിച്ച് ഒരു കുന്നു സംശയങ്ങളുമായി ജോണിക്കുട്ടി തന്റെ കൂരയുടെ മുമ്പിലൂടെ ഉലാത്തിക്കൊണ്ടിരുന്നു. ആലോചനയുടെ മൂർധന്യാവസ്ഥയിൽ അവൻ ഒന്ന് ഉശിരോട് വിളിച്ചു പറഞ്ഞു. "ഞാനും മനുഷ്യനാകും" കുറേ നേരമായി അവന്റെ പരാക്രമങ്ങൾ കണ്ടുകൊണ്ടിരുന്ന ചേച്ചി അവനെ വിളിച്ചു ചോദിച്ചു. "എന്താടാ പുസ്തകത്തിലെ കാര്യങ്ങൾ തന്നെയാണോ ഈ പറയുന്നത്. ഇംഗ്ലീഷിൽ ഇപ്പോൾ മലയാളവും അടിച്ചിട്ടുണ്ടോ? ജോണി ആകെ ഒന്ന് വിളറി ഒരു വളിച്ച ചിരിയുമായി അവൻ ചേച്ചിയുടെ അടുത്തെത്തി മെല്ലെ ചോദിച്ചു "ചേച്ചി... ഈ മനുഷ്യൻ വലിയ സംഭവമാണല്ലേ. പറഞ്ഞുതരാമോ എങ്ങനെ മനുഷ്യനാകും...??

ചേച്ചി : എന്താടാ മണ്ടാ.. ഈ പറയുന്നത് നമ്മൾ എല്ലാവരും മനുഷ്യരാണ്

ജോണി : അല്ല ചേച്ചി മനുഷ്യന്മാർക്കാണ് ഈ ഭൂമിയിൽ

ഏറ്റവും അധികം പണം. അവരാണ് ബുദ്ധിമാന്മാർ ചേച്ചി അങ്ങനെയൊന്നുമല്ലല്ലോ... പിന്നെ ചേച്ചി എങ്ങനെ മനുഷ്യനാകും..?

ചേച്ചി : മോനേ.. പണവും ബുദ്ധിയും മാത്രമല്ല നിന്നെയും എന്നെയും മനുഷ്യനാക്കുന്നത്. നമ്മുടെ പ്രവർത്തികളും ചിന്തയുമാണ്.

ജോണി പിടിവിട്ടു കൊടുക്കുന്നില്ല. അവൻ ഇന്നലെ വായിച്ച മലയാള പാഠപുസ്തകത്തിലെ വരികൾ ചേച്ചിക്ക് വായിച്ചു കൊടുത്തു. എന്നിട്ട് ഉയരങ്ങൾ കീഴടക്കുന്നവർ മാത്രമാണ് മനുഷ്യർ എന്ന് വാദിച്ചു. ചേച്ചിക്ക് അവനെ തോൽപ്പിക്കാനായില്ല. അങ്ങനെ പിറ്റേ ദിവസം സംശയത്തിന്റെ മുൾമുനയിൽ അവൻ സ്കൂളിലേക്ക് യാത്രയായി. സ്കൂളിലേക്ക് നടന്നു പോകുന്ന വഴി അവന്റെ മനസ്സിൽ പണമുള്ള, സൗന്ദര്യമുള്ള, സുഖങ്ങളുള്ള മനുഷ്യനെ പൂജിച്ചു കൊണ്ട് അവൻ നടന്നു. വഴിയിൽ അവനെ എതിരേൽക്കാനായി ഇലകൾ തങ്ങളെ തന്നെ നിവർത്തി, പൂക്കൾ വിടർന്നു സുഗന്ധം പരത്തി. അങ്ങനെ സ്വന്തം പട്ടിണിയും അച്ഛന്റെയും അമ്മയുടെയും ചേച്ചിയുടെയും മുഷിഞ്ഞ വസ്ത്രങ്ങൾ ആലോചിച്ച് പുച്ഛം തോന്നുകയും നിലവാരത്തെയും അവസ്ഥകളെയും മറച്ചു പിടിച്ച് അവൻ ഗാംഭീര്യത്തോടെ നടന്നു നീങ്ങി.

അവൻ ആലോചിച്ചു അലക്സിന്റെ അച്ഛനെയും അമ്മയെയും പോലെ അവനും ഉണ്ടായിരുന്നെങ്കിൽ എന്ന്. അവനാരണോ.. അലക്സ് അവന്റെ ക്ലാസിലെ കുട്ടി ബുജി. അവന്റെ അച്ഛൻ ഡോക്ടർ അമ്മ ടീച്ചർ. അലക്സ് തന്റെ സൈക്കിളിൽ ആണ് സ്കൂളിൽ വരുന്നത്. ജോണിക്കുട്ടിയുടെ ചിന്തയിൽ മനുഷ്യർ

മാത്രമേ അങ്ങനെയൊക്കെ ആകൂ എന്നാണ്. പിന്നെ അവനു അവന്റേതായ ചിന്തയിൽ പല കാര്യങ്ങളും ആലോചിച്ച് കൈയ്യിൽ പിടിച്ചിരുന്നു. ചോറുപൊതി ആട്ടിക്കൊണ്ട് നടക്കുകയാണ് പെട്ടെന്ന് അവൻ പോലും അറിയാതെ ഒരു കല്ലിൽ തട്ടി ദാ പതക്കോന്ന് നിലത്ത്!

പാവം ജോണിക്കുട്ടി അവന്റെ മുട്ടുപൊട്ടി ചോര-വന്നുകൊണ്ടേയിരുന്നു. ആരു സഹായിക്കാൻ....?

അപ്പോഴതാ അലക്സ് സൈക്കിളോടിച്ച് വരുന്നു ജോണിക്കുട്ടിക്ക് സന്തോഷമായി. പക്ഷേ എന്തു ചെയ്യാൻ അലക്സ് ജോണിക്കുട്ടിയെ വിലവയ്ക്കാതെ ദൂരേക്ക് പോയി പാവം ജോണിക്കുട്ടി. അപ്പോൾ ദേ വരുന്നു ജോണിക്കുട്ടി മനുഷ്യനല്ല എന്ന് വാദിക്കുന്ന അമ്മു. ജോണിക്കുട്ടിയെ കണ്ടതും അമ്മു ഓടിച്ചെന്ന് അവനെ താങ്ങി എഴുന്നേൽപ്പിച്ചു.

ജോണിക്കുട്ടി ഒന്ന് ചിന്തിച്ചു. എനിക്ക് മെല്ലെ മന-സ്സിൽ ഉരുവിട്ടു. ഞാനും മനുഷ്യനാണ്.

# In this homeland

Krishnaveni Harish

I remember, where and when
My mind is led forward into the ocean of knowledge
In this homeland, garden of wisdom
where I learnt the fundamentals

where my mind was stolen by them
who came to be the synonyms of love
In this homeland, the garden of love
where I was gifted with my cronies

Resounding in my heart
The voice of my preceptors
And they too sustain for love
Never, ever, wants to miss them.

As I look back, I cherish the sweet moments
Reading before my eyes, the beautiful past
which alone marks my heart
To wriggle in pain.

# ലക്ഷദ്വീപിലേക്ക്

ഷജീന ബീഗം

നീലപ്പട്ടാടയിൽ വിതറിയ മുത്തുകൾ കണക്കെ കേരളത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അറബിക്കടലിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മുപ്പത്തിയാറു ദ്വീപുകളുടെ സമൂഹമാണ് ലക്ഷദ്വീപുകൾ എന്ന പേരിലറിയപ്പെടുന്നത്. ഇവയിൽ ആന്ത്രോത്ത്, മിനിക്കോയ്, അഗത്തി, കവരത്തി, കൽപേനി, അമേനി, കടമത്ത്, കിൽത്താൻ, ചെത്തിലാത്ത്, ബിത്ര എന്നിവ ജനവാസമുള്ളതും ബംഗാരം, ചെറിയപിട്ടി, തിണ്ണക്കര, പക്ഷിപിട്ടി മുതലായവ ജനവാസമില്ലാത്തതുമാണ്. ദ്വീപുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം 11 കി. മീറ്ററും കൂടിയ ദൂരം 378 കി മീറ്ററുമാണ്.

ആന്ത്രോത്ത്, അമേനി എന്നീ ദ്വീപുകൾ ഒഴികെയുള്ള മറ്റെല്ലാ ദ്വീപുകളുടെയും പടിഞ്ഞാറു ഭാഗത്തായി വിശാലമായ ലഗൂണുകളുണ്ട്. സ്ഫടിക സമാനം നിർമലവും, സ്വച്ഛ സുന്ദരവുമായ ഈ കടൽ പൊയ്കകൾ (ലഗൂണുകൾ) ഈ ദ്വീപുകളുടെ നിസ്തുല്യ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു. അറബിക്കടലിന്റെ വിരിമാറിൽ ചിതറിക്കിടക്കുന്ന ഈ കൊച്ചു തുരുത്തുകൾക്ക് ലക്ഷദ്വീപുകൾ എന്ന പേര് ലഭിച്ചതിന്റെ പിന്നിൽ പല ഐതിഹ്യങ്ങളും, ചില ചരിത്രയാഥാർത്ഥ്യങ്ങളുമുണ്ട്. വാസ്കോഡഗാമ യൂറോപ്പിൽ നിന്ന് ഇന്ത്യയിലേക്ക് നാവികയാത്ര ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ വഴികാട്ടിയും നാവികനുമായിരുന്ന ഇബ്നുമാജ എന്ന അറബി സഞ്ചാരി പറഞ്ഞു: നമ്മൾ പോകുന്ന വഴിക്ക് അറബിക്കടലിൽ കുറെ ദ്വീപുകൾ ശ്രദ്ധയിൽപ്പെടും. ഈ ദ്വീപുകൾ കാണുമ്പോൾ കപ്പൽ നേരെ കിഴക്കോട്ട് തിരിച്ചു വിട്ടാൽ കേരളത്തിന്റെ തീരക്കടലിലും ചെന്നെത്താം. അങ്ങനെ യാത്രാമദ്ധ്യേ ഈ ദ്വീപുകൾ

കണ്ണിൽപെടുകയും ചെയ്തു. തുടർന്നുള്ള യാത്രകളിൽ ലക്ഷ്യം കാണിച്ചിരുന്ന ഈ ദ്വീപുകളെ അദ്ദേഹം "ലാക്ക ഡിവ്സ്" എന്നു വിളിച്ചു. ഇംഗ്ലീഷിൽ Lake എന്ന വാക്കിനർത്ഥം തടാകം, ജലാശയം എന്നൊക്കെയാണ്. ദ്വീപിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ലഗൂൺ കണ്ടിട്ട് അങ്ങിനെ വിളിച്ചതാണോ എന്നറിയില്ല. പിന്നീട് ലാക്ക ഡിവ്സ് എന്ന പേര് ലക്ഷദ്വീപ് എന്നായി മാറി. ലക്ഷദ്വീപുകൾക്ക് സമീപം കടലിന്റെ അടിത്തട്ടിൽ അവിടത്തെ തന്നെ പവിഴപ്പുറ്റുകളും, ശംഖുകളും പൊടിഞ്ഞുണ്ടായ പൂഴികളുമാണ് കാണപ്പെടുന്നത്. 6000 അടിയിലും കൂടുതൽ ആഴമുള്ള ഈ പ്രദേശത്തു നിന്നാണ് ലക്ഷദ്വീപുകൾ അത്ഭുതപൂർവ്വമായ നിലയിൽ കുത്തനെ ഉയർന്നു പൊങ്ങുന്നത്.

ആഴിയിലാണ്ടു കിടക്കുന്ന പർവ്വതശിഖരങ്ങളിൽ പവിഴപ്പുറ്റുകൾ വളർന്നു രൂപം കൊണ്ട ഈ ദ്വീപുകളുടെയെല്ലാം വളർച്ചയും വികാസവും ഏതാണ്ടൊരേ തരത്തിലായിരുന്നുവെന്ന് കാണാവുന്നതാണ്. പവിഴപ്പുറ്റുകൾ അനസ്യൂതം വളർന്നു കൊണ്ടിരിക്കുന്നതും ഇനിയും സമുദ്രോപരിതലത്തിൽ എത്തിനോക്കിയിട്ടില്ലാത്തതുമായ ദ്വീപിന് ഉദാഹരണമാണ് അന്ത്രോത്ത് ദ്വീപിനടുത്ത് രൂപം കൊണ്ടുവരുന്ന എളികൽപേനി സമുദ്രോപരിതലത്തിൽ നിന്നും രണ്ട് മീറ്ററിലും കുറഞ്ഞ ആഴത്തിലാണ് ഈ ദ്വീപ് ഇന്ന് നിൽക്കുന്നത്

സമുദ്രോപരിതലത്തിൽ സമീപകാലത്ത് പ്രത്യക്ഷപ്പെട്ടവയും ഇനിയും സർവ്വേ ചെയ്തിട്ടില്ലാത്തവയുമായ കൊച്ചു തുരുത്തുകളും ലക്ഷദ്വീപു സമൂഹത്തിലുണ്ട്. അന്ത്രോത്ത്, അമേനി എന്നീ ദ്വീപുകൾ ഒഴിച്ച് ലഗൂണുള്ള മറ്റെല്ലാ ദ്വീപുകളും പടിഞ്ഞാറു ഭാഗത്തേക്ക് വളർന്നു കൊണ്ടിരിക്കുന്നു. കിഴക്ക് ഭാഗത്ത്

ദ്വീപും പടിഞ്ഞാറു ഭാഗത്ത് വിശാലമായ ലഗൂണുകളുള്ള ഈ ദ്വീപിലെ നിരയിൽ (പവിഴപ്പുറ്റ) വളരുന്ന പവിഴപ്പുറ്റുകൾ സമുദ്രോപരിതലത്തിൽ എത്തിയാൽ സൂര്യപ്രകാശമേറ്റ് നിർജ്ജീവമാകുകയും പൊടിയുകയും ചെയ്യുന്നു ഇങ്ങനെ പൊടിയുന്ന കഷ്ണങ്ങളും മണലും ശക്തിയായ തെക്കുപടിഞ്ഞാറൻ കാറ്റിലും തുടർന്നുള്ള ഒഴുക്കിലും ദ്വീപുകളുടെ പടിഞ്ഞാറുഭാഗത്ത് നിക്ഷേപിക്കപ്പെടുന്നു

യാഥാർഥ്യത്തിന്റെ ഇന്ന്,
നിഴലുകളാകുന്ന സ്വപ്നങ്ങൾക്കും
പ്രതീക്ഷകൾക്കും രൂപംവയ്ക്കുന്ന
അനുഭവം...
യഥാർഥത്തിൽ ഈ പ്രപഞ്ചം
തന്നെ ജീവിക്കുന്നത്
ഇന്നിന്റെ ചുരുങ്ങിയ
സമയങ്ങൾക്കുള്ളിലാണ്....

# Welcome 2014

Sumayya S.

January 1st of every new year brings a frenzy of goals and resolutions. New year, new you. But how many actually follow through with these resolutions? Do you? Most find themselves back to their old habits by the beginning of February because they make typical resolutions that everybody makes. So this year leave these yawn-worthy resolutions behind.

Unsurprisingly, a recent harris poll found the nine most common new year's resolutions. They are to lose weight, improve financial budgeting, exercise more, get a new or better job, eat healthly, manage stress more effectively, quit smoking, improve a relationship and make more time for yourself. These resolutions are boring and they almost never come true in the end.

The key to make successfull yearlong resolution is to create a resolution that fits your specific needs. It needs to be realistic and it can't be generic "I need to lose weight"

How much weight do you need to lose? How do you plan to lose this weight? By when do you want the weight to be reduced? How do you plan keeping the weight off? These questions are overwhelming, but you need a plan inorder to actually start going to gymn and eat healthily.

Once you have your resolution organised, it's time to actually implement the plan, start making changes in your life that you know will work long term. Be committed and don't cheat.

Here are some ways you can tweak the nine most common (and boring) new year's resolutions. I want to lose weight - turn this resolution into 'I need to lose ten pounds before my sister's wedding this summer' or you could go more along the lines of 'I need to tone up. I want my body to look healthy'. Details will make your goal easier to envision 'I need a better job' - telling yourself you hate your job and you want a new one is great, but it's never going to happen unless you actually do something about it. New year's resolutions don't just magically come true. This year try something like 'I'm going to update my resume and start handling it out to bussiness that fits my needs better' or 'I


heard that (Infosys is hiring) I'm going to give them a call and see what I can do to get myself into the hiring process' Don't just sit around and expect a new job to come to you.

I need to improve my relationship - if you made this resolution it's because you are not happy with someone in your life, so it's time to find a new friend or you need to work to fix this relation. Instead of the vague 'improvement' think about what actually needs to be done. For example ' I need to see myself with friends after work, otherwise they are going to move on' or if if the relationship problem isn't your goal, I'm going to tell the person what I think the problem is, and if they agree we are going to do whatever we can to fix the problem. If not, this relationship just isn't going to work out.

Resolutions need to be specific and detailed. They need to highlight the goal and suggest a way to go about reaching it. If you are simply making resolution saying that at some point of time I had like to do this, you are never going to get around to actually doing it.

Don't forget that new year resolutions are not only for the month of January, or even the first quarter of the year. New year resolutions are for the entire year and for the entire life. Can the summer months check back in your resolution and evaluate how you are doing. If you have slipped back in your oldways, it's time to start fresh. When you may have lost your way, you doubt have to wait until January to start again.

So this year let us all make resolutions of 'out with the old and in with the new'. No more generic resolution that will never allow you to succeed. No more goals that are impossible to reach and no more false expectations. Let 2014 be the year that you actually do make a change for the better. It's finally time to be the person you have always wanted to be.



The first step is just to initiate the change

# Sky is the limit

An Interview by Taseera

Taseera: What was your experience when you first came to India ?

Ahjaz : I was really exited when I reached India. But when I landed in Trussur, I started missing my family and my country.

Taseera : Who was the first malayalee you met ?

Ahjaz : One person I met at airport. He helped me a lot in understanding more about Kerala. He was the first Malayalee I met. I gave him our Afgan money. When we met for the last time and he promised me that he will keep it as long as he is alive. I had a wonderful journey with him.

Taseera : You landed Kerala during our most celebrated traditional festival 'Onam'. What are your memories about that ?

Ahjaz : As I was travelling, one peculiar thing on that day was a tablo in which a lady kneeled over a man with a pointed rod, I was shocked and it was for the first time in my life. I, seeing such an amazing sight and I really like it.

Taseera : Ahjaz, what you saw was the depiction of Hindu Goddess !!! Do you know ?? Our India is a secular country with diverse religion and customs like Hindu, christian, Muslim, Sikh etc. Ok. Tell me what you feel about Kerala ?

Ahjaz : Everything I saw here was entirely different from that I've seen in my country. Everything was new to my eyes - trees, enviroment, language, food everything.

Taseera : Can you tell me about your country ?

Ahjaz : About my country !!! Of course with pleasure !!! Kabool is our capital city. Our country is leading producers of dry fruits and fresh fruits. Our climate is entirely different from that of Kerala. At present, there is snow and so cool environment !! What I'm not able to adjust here is the climate. About our traditional clothing, it includes Kandahari which is a type of cap, a coat like Waskat and Kurtha. Our food includes both vegetarian & non vegetarian food but entirely different taste from that of Kerala. But now I also like Kerala food, Biriyani especially.

Taseera : Tell me something about your traditional dance.

Ahjaz : There are different types of group dances but I will

mention only two for you. One is Attan and the other is Karsak.

Taseera : Can you tell me about your festivals?

Ahjaz : One of our festival is similar to your new year that is 'new roze' - the day on which our farmers start cultivation.

Taseera : Ahjaz, what is your mother tongue? Can you say something in your mothertongue for us!

Ahjaz : Pashto is my mother tongue. In my language, "Sta nom sa da" means 'What is your name?'

Taseera : Tell us about your family.

Ahjaz : About my family, my father is a lawyer, mother is housewife. I have two elder brothers and two sisters. I'm the youngest member of my family.

Taseera : Thank you Ahjaz for sharing information about your country, family etc. Hope you will be able to accustomed with the condition of Kerala. Wish you all the very best for your future. Thank you.


Ahjaz : Thank you.

Supported by, Anu Ann, Anjali, Visakh, Jasmin, Binziya, Ciffy, Silpa K.S.

# ആ സൂര്യൻ അസ്തമിച്ചിട്ടില്ല...

മിന്നു ആൻ ജോസ്.

ലോകത്തിന് മുൻപിൽ വിമോചനത്തിന്റെയും രാഷ്ട്രീയ പ്രത്യാശയുടെയും പുത്തൻ ഏടുകൾ സൃഷ്ടിച്ചുകൊണ്ട് ചരിത്രത്തിൽ ഇടം പിടിച്ച വ്യക്തിയാണ് **നെൽസൺ മണ്ടേല** ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ മാത്രമല്ല. ലോകമെമ്പാടുമുള്ള അടിച്ചമർത്തപ്പെട്ടവരുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് മണ്ടേല തീക്ഷ്ണമായ അനുഭവങ്ങളിൽ നിന്ന് വാർത്തെടുത്ത രാഷ്ട്രീയ നിശ്ചയദാർഢ്യവും ഇച്ഛാശക്തിയും ദേശരാഷ്ട്രങ്ങൾ കടന്നുപോകുന്ന ഊർജ്ജപ്രവാഹമായി മാറിയത് ഈ നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു.



ദക്ഷിണാഫ്രിക്കൻ ജനത മണ്ടേലയെ നെഞ്ചിലേറ്റുന്നത് സ്വന്തം രാജ്യത്തെയോ അയൽരാജ്യങ്ങളെയോ സ്വാതന്ത്ര്യത്തിന്റെ പാതയിലേക്ക് നയിച്ചതുകൊണ്ട് മാത്രമല്ല വർണ്ണവെറിയൻ ഭരണകൂടത്തിന്റെ കൽത്തുറുങ്കുകളിൽ നിന്ന് അദ്ദേഹം ലോകത്തിന് നൽകിയ സ്വാതന്ത്ര്യത്തിന്റെ അന്നും ഇന്നും - പേറിയ പാഠങ്ങൾ കാലദേശങ്ങൾക്കപ്പുറം നിലനിൽക്കും എന്ന തിരിച്ചറിവാണ് അവരെ അഭിമാനിതരാക്കുന്നത്.

ദക്ഷിണാഫ്രിക്കയുടെ ഭരണത്തലവനായി 1994-ൽ മണ്ടേല സ്ഥാനമേറ്റെടുക്കുമ്പോൾ. അത് ലോകചരിത്രത്തിൽ തന്നെ പുതിയ ഒരു നാഴികക്കല്ലായി മാറുകയായിരുന്നു. വിമോചനപ്രസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും ഒടുവിലത്തെ കണ്ണിയായിരുന്നു ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്. കറുത്ത വർഗ്ഗക്കാരുടെ മോചനം പൂർത്തീകരിക്കാത്ത സ്വപ്നമായി നിലനിർത്തിയിരുന്നത് അടിച്ചമർത്തലിന്റെ

രാഷ്ട്രീയമായിരുന്നു.

ദക്ഷിണാഫ്രിക്ക, ബ്രിട്ടീഷ് അധിനിവേശത്താൽ ചവിട്ടിയരക്കപ്പെടുന്ന കാലഘട്ടത്തിലാണ് മണ്ടേല തന്റെ രാഷ്ട്രീയ ജീവിതം കരുപിടിപ്പിക്കുന്നത്. കഷ്ടപ്പാടുകളും വെല്ലുവിളികളും ചെറുപ്പത്തിലേ അനുഭവിച്ചറിഞ്ഞിരുന്ന അദ്ദേഹം 1943-ൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് അതിന്റെ യുവജനപ്രസ്ഥാന സ്ഥാപകരിലൊരാളായി. തുടക്കത്തിൽ അക്രമരാഷ്ട്രീയത്തിന് എതിരായിരുന്ന മണ്ടേല പിന്നീട് ചില സമരങ്ങളിൽ സജീവമായി പങ്കെടുത്തത് അദ്ദേഹത്തെ തീവ്രവാദിയായും 'കമ്യൂണിസ്റ്റായും' ചിത്രീകരിക്കാൻ ഭരണകൂടത്തിന് സഹായകമായി. ദക്ഷിണാഫ്രിക്കയിൽ 'കറുത്ത മുതലാളിത്തം' വികസിപ്പിച്ചെടുക്കുന്നതിലായിരുന്നു മണ്ടേല ഉൾപ്പെടെയുള്ള നേതാക്കളുടെ ശ്രദ്ധ.

നീണ്ട 27 വർഷത്തെ ജയിൽവാസം മണ്ടേലയെ സാർവദേശീയ രംഗത്തെ വിമോചനപ്പോരാട്ടങ്ങളുടെ മുൻനിര നായകനാക്കി. പ്രതിസന്ധിയിലായ ദക്ഷിണാഫ്രിക്കൻ സമ്പദ്‌വ്യവസ്ഥയുടെ തുടർച്ചയെ ഉറപ്പാക്കിക്കൊണ്ടുള്ള ഒത്തുതീർപ്പുകൾക്കിടയിൽ ഭരണകൂടം മണ്ടേലയെ മോചിപ്പിച്ചു. തുടർന്നുള്ള ഒരോ വീഴ്ചയിലും പോരാട്ടവീര്യം ചോർന്നു പോകാതെ കൈയും മെയ്യും ഏകി മണ്ടേല ആ ജനതയോട് ചേർന്നു നിന്നു. ആഭ്യന്തര രംഗത്ത് കലുഷിതമായ സാമൂഹികാവസ്ഥ നിലനിന്നപ്പോഴും രാജ്യാന്തര മണ്ഡലത്തിൽ മണ്ടേല തന്റെ സാന്നിധ്യം രേഖപ്പെടുത്തിക്കൊണ്ടിരുന്നു. ഗൾഫ് യുദ്ധം, പലസ്തീൻ പ്രശ്നം, അഫ്ഗാനിസ്ഥാനിലെ ഭീകരവിരുദ്ധ പ്രചാരണം തുടങ്ങി നിരവധി വിഷയങ്ങളിൽ തന്റെ അഭിപ്രായം അർത്ഥശങ്കയ്ക്കിട നൽകാത്ത വിധം അദ്ദേഹം വ്യക്തമാക്കിക്കൊണ്ടിരുന്നു.

മണ്ടേലയെ ഒരു ഇതിഹാസ വ്യക്തിത്വമെന്ന് വിശേഷിപ്പിക്കേണ്ടത് അദ്ദേഹം ഒരു ഭരണകർത്താവെന്ന നിലക്കപ്പുറം ചെയ്ത കാര്യങ്ങൾ വിലയിരുത്തിയിട്ടാവണം. വെല്ലുവിളികൾ ഏറെ നേരിട്ട ഒരു കാലഘട്ടത്തിലാണ് മണ്ടേല തന്റെ ഭരണദൗത്യം ഏറ്റെടുക്കുന്നത്. അധികാര കൈമാറ്റത്തിന്റെ ചരിത്രമുഹൂർത്തങ്ങളിൽ ചിലകാര്യങ്ങൾ സന്ധി ചെയ്യേണ്ടി വന്നത് ഒരു ജനതയുടെ തീരാത്ത കണ്ണീരിന്റെ വില മനസ്സിലാക്കിയതു കൊണ്ടാണ്.


